LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അനുബന്ധമായി ചേർക്കുന്നു*

(ബി) കയറിന്റെയും കയർ ഉല്പന്നങ്ങളുടെയും വിൽപ്പനയുള്ള 'വിപണി വികസന സഹായം' (Market Development Assistance – MDA)എന്ന പദ്ധതിയാണ് 2014-15 വർഷം കയർ വകുപ്പിൽ നടപ്പാക്കാൻ നിർദ്ദേശിച്ച കേന്ദ്രാവിഷ്കൃത പദ്ധതി. കേന്ദ്ര വിഹിതമായി 5 കോടി രൂപയും സംസ്ഥാന വിഹിതമായി 5 കോടി രൂപയും ഉൾപ്പെടെ ആകെ 10 കോടി രൂപയാണ് കേന്ദ്ര-സംസ്ഥാന വിഹിതമായി നിർദ്ദേശിച്ചിരുന്നത്. പ്രസ്തുത തുക പൂർണ്ണമായും ചെലവാക്കി.

(സി) 2014-15 വർഷത്തെ ബജറ്റിൽ കയർ വകുപ്പ് 64,35,44,632 രൂപ വിനിയോഗിച്ചിട്ടുണ്ട്.

സബ്സിഡി നിരക്കിലുള്ള നിത്യോപയോഗ സാധനങ്ങളുടെ വിതരണം

195 (1228) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഏതെല്ലാം നിത്യോപയോഗ സാധനങ്ങളാണ് സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നത് ; പ്രസ്തുത സാധനങ്ങളുടെ ഇപ്പോഴത്തെ വിലയെത്രയാണ് ; പ്രസ്തുത നിരക്ക് വർദ്ധിപ്പിക്കാൻ കോർപ്പറേഷൻ ആവശ്യപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ പുതിയ വില എപ്രകാരമാണ് ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പ്രാവശ്യം സബ്സിഡി സാധനങ്ങളുടെ വില പുതുക്കി നിശ്ചയിച്ചിട്ടുണ്ട് ; ഓരോ പ്രാവശ്യത്തെയും പുതുക്കിയ വില വ്യക്തമാക്കുമോ ;

(സി) സബ്സിഡി നൽകിയ വകയിൽ എത്ര രൂപയാണ് സർക്കാർ കോർപ്പറേഷന് നൽകാനുള്ളത് ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത ഇനത്തിൽ എത്ര രൂപ കോർപ്പറേഷന് നൽകിയിട്ടുണ്ട് ; വർഷം തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ 13 ഇനം നിത്യോപയോഗ സാധനങ്ങൾ താഴെപ്പറയുന്ന സബ്സിഡി നിരക്കിൽ വിതരണം ചെയ്യുവരുന്നു :

ക്രമ നമ്പർ	ഇനം	നിലവിലെ സബ്സിഡി വില (കി.ഗ്രാമിന്)
1	ചെറുപയർ	74.00
2	ഉഴുന്ന് ബോൾ	66.00
3	വൻകടല	43.00
4	വൻപയർ	45.00
5	തുവരപ്പരിപ്പ്	65.00
6	മുളക്	75.00
7	മല്ലി	100.00
8	പഞ്ചസാര	25.00
9	പച്ചരി	23.00
10	കുറുവ അരി	25.00
11	മട്ട അരി	25.00
12	ജയ അരി	25.00
13	വെളിച്ചെണ്ണ (ലിറ്ററിന്)	130.00

(ബി) അനുബന്ധമായിചേർക്കുന്നു.*

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2014-15 സാമ്പത്തിക വർഷംവരെ സപ്ലൈകോയുടെ മാർക്കറ്റ് ഇടപെടൽ പദ്ധതിയിലൂടെ സബ്സിഡി സാധനങ്ങളുടെ വിതരണം, ബി.പി.എൽ. കിറ്റ് വിതരണം, റേഷൻ കടകളിലൂടെയുള്ള സ്പെഷ്യൽ പഞ്ചസാര വിതരണം എന്നീ വകയിൽ 596.12 കോടി രൂപ സപ്ലൈകോയ്ക്ക് നൽകാനുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി)

ക്രമ നമ്പർ	സാമ്പത്തിക വർഷം	അനുവദിച്ച തുക (കോടിയിൽ)
1	2011-12	118.35
2	2012-13	135.00
3	2013-14	116.02
4	2014-15	70.00
	ആകെ	439.37 കോടി

നെല്ലുസംഭരണ പദ്ധതി

196 (1229) ശ്രീ. പി. എ. മാധവൻ :

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീ. പാലോട് രവി :

ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സപ്ലൈകോയുടെ നേതൃത്വത്തിൽ എല്ലാ ജില്ലകളിലും നെല്ലുസംഭരണ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) കർഷകർക്ക് ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനം ആരംഭിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) എത്ര നെൽ കർഷകർക്കാണ് പ്രസ്തുത പദ്ധതിവഴി പ്രയോജനം ലഭിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) എത്ര ലക്ഷം ടൺ നെല്ലാണ് പ്രസ്തുത പദ്ധതിവഴി സംഭരിക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ഇ) സംഭരണ വില കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിക്കുവാൻ എന്തെല്ലാം സംവിധാനം ഒരുക്കിയിട്ടുണ്ട് ; വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. 17-2-2012-ലെ G.O.(Ms) 31/2012/Agri. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 2012-13 ഒന്നാം സീസൺ മുതൽ സപ്ലൈകോ സംസ്ഥാനത്തെ എല്ലാ ജില്ലകളിൽനിന്നും നെല്ല് സംഭരിച്ചുവരുന്നു. 2014-15 ഒന്നും രണ്ടും സീസണിലായി 549641.930 മെ.ടൺ നെല്ല് സംഭരിച്ചു. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.*

(ബി) 2013-14 ഒന്നാം സീസൺ മുതൽ നെല്ല് സംഭരണ രജിസ്ട്രേഷൻ ഓൺലൈനായി നടപ്പിലാക്കിയിട്ടുണ്ട്. ഇന്റർനെറ്റ് സൗകര്യമുള്ള എവിടെനിന്നും കർഷകർക്ക് രജിസ്റ്റർ ചെയ്യാവുന്നതാണ്.

(സി) ഓരോ വർഷവും രണ്ട് സീസണിലായി ഏകദേശം ഒരു ലക്ഷത്തി എഴുപത്തി അയ്യായിരത്തിൽപ്പരം കർഷകർക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നുണ്ട്. നടപ്പ് (2014-15-IInd) സീസണിൽ 125698 കർഷകർ സപ്ലൈകോയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഡി) 2014-15 ഒന്നും രണ്ടും സീസണിലായി ഏകദേശം 5.5 LMT നെല്ല് സംഭരിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതുവരെ 549641.930 മെ.ടൺ നെല്ല് സംഭരിച്ചു.

(ഇ) നെല്ല് സംഭരിച്ചശേഷം കർഷകർക്ക് നെൽവില ലഭിക്കുന്നതിനായി കാനറാ ബാങ്ക്, ബാങ്ക് ഓഫ് ഇന്ത്യ എന്നീ പൊതുമേഖലാ ബാങ്കുകളും പാലക്കാട്, തൃശ്ശൂർ ജില്ലാ സഹകരണ ബാങ്കുകളുമായി സപ്ലൈകോ ധാരണാപത്രം ഉണ്ടാക്കി. അത് പ്രകാരം നെല്ലിന്റെ വില സപ്ലൈകോയുടെ നിർദ്ദേശപ്രകാരം കർഷകരുടെ അക്കൗണ്ടുകളിലേയ്ക്ക് നൽകിവരുന്നു. (ഇപ്രകാരം നൽകുന്ന പണത്തിന് ബാങ്കുകൾക്കുള്ള പലിശ വഹിക്കുന്നത് സപ്ലൈകോയാണ്.) കൂടാതെ ബാങ്കുകളിൽനിന്നും ഓവർഡ്രാഫ്റ്റ് എടുത്തും കർഷകരുടെ നെൽവില നൽകിവരുന്നു.

തൃപ്പി ന്യായവില ഭക്ഷണശാലകൾ

197 (1230) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുറഞ്ഞ ചെലവിൽ ഭക്ഷണം ലഭിക്കുന്നതിന് 'തൃപ്തി' ന്യായവില ഭക്ഷണശാലകൾ സ്ഥാപിക്കുമെന്ന 2013-14 ബജറ്റ് പ്രസംഗത്തിലെ പ്രഖ്യാപനം നടപ്പാക്കിയിട്ടുണ്ടോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.